> ആരോഗ്യത്തിന് ഹാനികരമാകുന്ന മാലിന്യങ്ങൾ അവിടെ ആകാവുന്നതാണ്

# ഹിംസയുടെ സമ്പദ്ശാസ്ത്രവും അനീതി നിറഞ്ഞ വികസനവും

മൈത്രിയിലും സഹകരണത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായാണ് സാമൂഹിക മൂലധനത്തിന്റെ നിലനിൽപ്പ്. ഹിംസയുടെ സമ്പദ്ശാസ്ത്രത്തിന്റെ ആധിക്യം സാമൂഹിക മൂലധനത്തിന്റെ നിലനിൽപ്പിനെ കഷ്ടത്തിലാക്കുന്നു. കുറച്ചുപേരുടെ ലാഭത്തിനായി ഒരു വലിയ ജനസമൂഹത്തിന്റെ ഭൂമിയും വിഭവങ്ങളും കൊള്ളയടിക്കുകയും പിടിച്ചുപറിക്കുകയും ചെയ്യുന്നതിനാണ് ഹിംസയുടെ സമ്പദ്ശാസ്ത്രം ഊന്നൽ നൽകുന്നത്.

**മാധവ് ഗാഡ്ഗിൽ**

**ഇന്ത്യയിലെ** പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സമുന്നത നേതാവായ ഫാദർ തോമസ് കോച്ചേരിയെ അനുസ്മരിക്കുന്നതിനായി ഏർപ്പെടുത്തിയ ഈ പ്രഭാഷണം നടത്താൻ ക്ഷണിക്കപ്പെട്ടതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യമുണ്ട്. സൺ ഓയിൽ കമ്പനി സ്പോൺസർ ചെയ്യുന്ന പി.ഇ.ഡബ്ല്യു ഫൗണ്ടേഷൻ ഏർപ്പെടുത്തിയ 150,000 ഡോളറിന്റെ അവാർഡ് അദ്ദേഹം നിരസിച്ചത് ഞാൻ ഇപ്പോഴും ഓർക്കുന്നു. "കടൽ ഏറ്റവും വലിയ തോതിൽ മലിനീകരിക്കുന്ന കമ്പനികളിലൊന്നാണ് സൺ ഓയിൽ കമ്പനി. ഞാനീ അവാർഡ് സ്വീകരിച്ചാൽ അത് മത്സ്യത്തൊഴിലാളികളെ ഒറ്റിക്കൊടുക്കുന്നതിന് തുല്യമാകും" എന്നാണ് അവാർഡ് നിരസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത്. ഏകദേശം മൂന്ന് വർഷങ്ങൾക്ക് മുമ്പ്, പശ്ചിമഘട്ട പരിസ്ഥിതി ഉന്നതതല സമിതി റിപ്പോർട്ടിനെക്കുറിച്ച് ഞങ്ങൾ സംസാരിച്ചപ്പോൾ അദ്ദേഹത്തെ അടുത്തറിയാനുള്ള അവസരം എനിക്ക് ലഭിച്ചു. ദൗർഭാഗ്യവശാൽ ആ സംഭാഷണങ്ങൾ ടെലിഫോണിൽ മാത്രമായി ഒതുങ്ങി. നേരിട്ട് സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കൂടുതൽ ആശയവിനിമയം സാധ്യമാകുമായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നു

'ഏവരുമൊന്നിച്ച്, എല്ലാവരുടെയും വികാസത്തിന്' (sabka saath, sabka vikaas), 'ഇന്ത്യയിൽ നിർമ്മിക്കൂ' തുടങ്ങിയ ഉദ്ഘോഷണങ്ങളുടെ കാലമാണിത്. ഈ 'ഇന്ത്യൻ നിർമാതാക്ക'ളുടെ പ്രചോദനമെന്തെന്നും, 'ആരെല്ലാം ഒന്നിച്ച്, ആരുടെ വികാസത്തി'നായാണ് ഈ നിർമ്മാണങ്ങൾ പ്രയോജനപ്പെടുത്തുന്നതെന്നും നാം ചോദിക്കേണ്ടിയിരിക്കുന്നു. ബിൽ ക്ലിന്റൻ മന്ത്രിസഭയിൽ ധനമന്ത്രിയായിരുന്ന ലാറി സമ്മേഴ്സ് അമേരിക്കൻ വ്യവസായികളെ ഇപ്രകാരം ഉപദേശിക്കുകയുണ്ടായി: "മരണനിരക്കിലും രോഗനിരക്കിലും ഉണ്ടാകുന്ന വർദ്ധനവുമൂലം നഷ്ടപ്പെടുന്ന സമ്പത്തിനെ അടിസ്ഥാനപ്പെടുത്തിവേണം ആരോഗ്യം നശിപ്പിക്കുന്ന മലിനീകരണത്തെക്കുറിച്ച് ചിന്തിക്കാൻ. കൂലി കുറവുള്ള രാജ്യങ്ങളിൽ ഇത്തരം ചിലവുകൾ കുറവായതിനാൽ ആരോഗ്യത്തിന് ഹാനീകരമാകുന്ന മാലിന്യങ്ങൾ അവിടെ ആകാവുന്നതാണ്. മാരക മാലിന്യങ്ങൾ ഇത്തരം രാജ്യങ്ങളിൽ കൊണ്ടിടുന്നതുകൊണ്ടുള്ള പാപം താരതമ്യേന നിർദ്ദോഷകരമായതുകൊണ്ട് നമുക്ക് അപ്രകാരം ചെയ്യാവുന്നതാണ് എന്ന് എനിക്ക് തോന്നുന്നു." ലോറൻ സമ്മേഴ്സ് പറഞ്ഞതുപോലെ ഇന്ത്യ കൂലി കുറവുള്ള രാജ്യമായതിനാൽ മലിനീകരണ നിയന്ത്രണ നിയമങ്ങളെല്ലാം ദുർബലപ്പെടുത്തി 'ഇന്ത്യൻ

2016 മെയ് 3ന് തിരുവനന്തപുരത്ത് വച്ച് നടന്ന ഫാ. തോമസ് കോച്ചേരി അനുസ്മരണ പ്രഭാഷണത്തിൽ സംസാരിക്കുന്നതിനായി തയ്യാറാക്കിയത്.
പരിഭാഷ: അജിതൻ

നിർമ്മാതാക്കളെ' ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. പശ്ചിമഘട്ട ഉന്നതതല സമതി റിപ്പോർട്ടിൽ വിശദമായി വിവരിച്ചിരുന്ന ഒരു ഉദാഹരണം നോക്കാം. മഹാരാഷ്ട്രയിലെ രത്നഗിരി ജില്ലയിലെ ലോട്ട എന്ന സ്ഥലത്ത് വശിഷ്ടി നദിക്കരയിലായാണ് സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ രാസവ്യവസായ ഹബ് പ്രവർത്തിക്കുന്നത്. ലോട്ടയിലുള്ള പൊതു മാലിന്യ ശുദ്ധീകരണ പ്ലാന്റ് (Common Effluent Treatment Plant -CETP) അവിടേക്ക് എത്തിച്ചേരുന്ന മാലിന്യങ്ങൾ ശുദ്ധീകരിക്കാൻ പ്രാപ്തിയുള്ള ഒന്നല്ല. അതിന്റെ ഫലമായി മലിനീകരണം പുഴയെ ബാധിച്ചു. വശിഷ്ടി, ധാബോൽ നദികളിലെ മത്സ്യസമ്പത്തിൽ വലിയ കുറവുണ്ടായി. നിരവധി മത്സ്യബന്ധന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി. ഇത്തരത്തിൽ തൊഴിൽ നഷ്ടമായവരുടെ എണ്ണം ഇരുപതിനായിരത്തോളമുണ്ടാകും. അവിടെയുള്ള രാസവ്യവസായശാലകളിൽ പണിയെടുക്കുന്ന ആകെ തൊഴിലാളികളുടെ എണ്ണം ഏകദേശം 12,000 വരെയാണ്. പുഴയിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തുപൊന്തിയ സന്ദർഭങ്ങളിലെല്ലാം മത്സ്യത്തൊഴിലാളികൾ പ്രതിഷേധമുയർത്തിയിരുന്നു. ഈ പ്രതിഷേധങ്ങളെ നിഷ്കരുണം അടിച്ചമർത്തിയ സർക്കാർ മത്സ്യസമ്പത്തിനെ നശിപ്പിക്കുന്ന രാസവ്യവസായങ്ങൾക്കെതിരെ ഒരു നടപടിയും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

ലോട്ടയുടെ ഉദാഹരണത്തിന്റെ അടിസ്ഥാനത്തിൽ, സമൂഹത്തിലെ വിവിധ ഘടകങ്ങളേയും അവയുടെ വിഭവാടിത്തറയേയും ഹ്യൂമൻ ഇക്കോളജിയുടെ ദൃഷ്ടിയിലൂടെ നോക്കാം. പ്രധാനമായും മൂന്ന് വിഭാഗങ്ങളിലായാണ് ഹ്യൂമൻ ഇക്കോളജി വീക്ഷണം മനുഷ്യരെ തിരിച്ചിരിക്കുന്നത്. ഒന്ന്, ഇക്കോസിസ്റ്റം ജനങ്ങൾ. രണ്ട്, ബയോസ്ഫിയർ ജനങ്ങൾ. മൂന്ന്, പാരിസ്ഥിതിക അഭയാർത്ഥികൾ (ecological refugees). ഇക്കോസിസ്റ്റം ജനങ്ങളുടെ ജീവിതമാർഗ്ഗം, വശിഷ്ടി നദിയിലെ മുക്കുവരുടെയും, ഫാ. കോച്ചേരിയുടെ നേതൃത്വത്തിലുള്ള മത്സ്യത്തൊഴിലാളികളെടേതും പോലെ അതാതിടങ്ങളിലെ പ്രകൃതിസ്രോതസ്സുകളിൽ ഊന്നിയുള്ളതാണ്. ഇന്ന് അവർക്ക് ഇത്തരം പ്രകൃതിസ്രോതസ്സുകളുടെ മേൽ നിയന്ത്രണമില്ലാതെയായിരിക്കുന്നു. അവരുടെ വിൽപ്പനച്ചരക്കുകൾക്ക് മാന്യമായ വില ലഭിക്കുന്നുമില്ല. മഹാരാഷ്ട്രയിലെ കർഷക നേതാവായ ശരദ് ജോഷി പറഞ്ഞതുപോലെ, ഇന്ത്യയുടെ പൗരരാണ് ഭാരതത്തിന്റെ മക്കൾക്ക് എതിരായി നിൽക്കുന്നത്. ബയോസ്ഫിയർ ജനങ്ങൾ എന്നോ 'മിശ്രഭുക്കുകൾ' എന്നോ ആണ് ഈ 'ഇന്ത്യൻ പൗരരെ' ഞാനും രാമചന്ദ്ര ഗുഹയും വിശേഷിപ്പിക്കാറുള്ളത്. സംഘടിത സേവനരംഗത്തും വ്യാവസായിക ഉത്പാദനത്തിലും ഏർപ്പെടുകയും കമ്പോളത്തിൽ വിലയുള്ളതെല്ലാം അവർ നിയന്ത്രിക്കുകയും ചെയ്യുന്നു. ഇക്കോസിസ്റ്റം ജനങ്ങൾക്ക് ആവശ്യമുള്ള പലതിനേയും സ്വന്തമാക്കാനും നിയന്ത്രിക്കാനുമുള്ള ഈ ബയോസ്ഫിയർ ജനങ്ങളുടെ കഴിവാണ് പാരിസ്ഥിതിക ദുരന്തങ്ങൾക്ക് ഹേതുവായിത്തീരുന്നത്. കരിങ്കൽ ക്വാറികളും വ്യവസായശാലകളും വ്യാപാര തുറമുഖങ്ങളും മാലിന്യനിക്ഷേപങ്ങളുമെല്ലാം ഇതാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഈ പ്രക്രിയയിലൂടെ ബയോസ്ഫിയർ ജനങ്ങൾ ഇക്കോസിസ്റ്റം ജനങ്ങളെ പാരിസ്ഥിതിക അഭയാർത്ഥികളാക്കി മാറ്റുന്നു. ജൈവ പരിസ്ഥിതിയുമായുള്ള ബന്ധം നഷ്ടപ്പെടുകയും പ്രകൃതിവിഭവങ്ങളുടെ ലഭ്യത നേർത്തുവരുകയും വാങ്ങൽശേഷി കുറയുകയും ചെയ്യുന്ന അവസ്ഥയാണ് പാരിസ്ഥിതിക അഭയാർത്ഥികളുടേത്. കെട്ടിട നിർമാണവും കരിങ്കൽ-മണൽ ഖനനവും കരിമ്പുകൃഷിയും അടക്കമുള്ള ബയോസ്ഫിയർ ജനങ്ങളുടെ സംരംഭങ്ങളിൽ കുറഞ്ഞകൂലിക്ക് പണിയെടുക്കുകയും വഴിവാണിഭത്തിനും വീട്ടുജോലിക്കും എത്തുകയും ചെയ്യുന്നത് ഈ പാരിസ്ഥിതിക അഭയാർത്ഥികളാണ്.

ഈ പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ ഇന്ത്യ ഒരു നാനാവർണ്ണമാർന്ന മിശ്രഭുക്കാണ് എന്നു കാണാം. സമ്പന്നരും ഉയർന്ന മധ്യവർഗ്ഗവും നഗരങ്ങളിലെ സംഘടിത മേഖലകളിൽ വ്യാപരിക്കുന്നവരും ഭൂവുടമകളും രാസ-കീടനാശിനി വ്യാപാരികളും ജെ.സി.ബി ഉടമസ്ഥരും സമ്പന്ന കരിമ്പ് കർഷകരും അടങ്ങുന്ന, ജനസംഖ്യയുടെ 15 ശതമാന

> അത്യാഗ്രഹികളായ ഈ ജനവിഭാഗത്തെയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമ്മുടെ പ്രധാനമന്ത്രി മുഖ്യമായും അഭിസംബോധന ചെയ്തത്. ഗ്രാമീണ കർഷകരും കൈവേലക്കാരും കൂലിത്തൊഴിലാളികളും മീൻപിടുത്തക്കാരും ഉൾപ്പെടുന്ന ജനസംഖ്യയുടെ 60 ശതമാനമാണ് ഇക്കോസിസ്റ്റം ജനങ്ങൾ. ബാക്കി വരുന്ന 25 ശതമാനമാണ് പാരിസ്ഥിതിക അഭയാർത്ഥികൾ.



മാണ് ഇതിൽ ഉൾപ്പെടുന്നത്. അത്യാഗ്രഹികളായ ഈ ജനവിഭാഗത്തെയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമ്മുടെ പ്രധാനമന്ത്രി മുഖ്യമായും അഭിസംബോധന ചെയ്തത്. ഗ്രാമീണ കർഷകരും കൈവേലക്കാരും കൂലിത്തൊഴിലാളികളും മൂൻപിടുത്തക്കാരും ഉൾപ്പെടുന്ന ജനസംഖ്യയുടെ 60 ശതമാനമാണ് ഇക്കോസിസ്റ്റം ജനങ്ങൾ. ബാക്കി വരുന്ന 25 ശതമാനമാണ് പാരിസ്ഥിതിക അഭയാർത്ഥികൾ. അസംഖ്യം വികസനപ്രവർത്തനങ്ങളാൽ വിഭവങ്ങളും പരമ്പരാഗത തൊഴിലുകളും നഷ്ടപ്പെട്ട് അലഞ്ഞുനടക്കേണ്ടിവന്നവർ, മുള പോലെയുള്ള പ്രകൃതിവിഭവങ്ങൾ നഷ്ടമായവർ, മേച്ചിൽപ്പുറങ്ങൾ നഷ്ടപ്പെട്ടവർ, മലിനമായ പുഴയിൽ നിന്നും മീൻപിടിക്കാൻ കഴിയാതെയായവർ, കൊക്കക്കോള പോലെയുള്ള കമ്പനികളുടെ ഭൂഗർഭ ജലചൂഷണം കാരണം കിണറുകൾ വറ്റിപ്പോയവർ, താപവൈദ്യുത നിലയങ്ങളിൽ നിന്നുള്ള വായുമലിനീകരണം കാരണം വിളവുകുറഞ്ഞുപോയവർ എല്ലാം ഇക്കൂട്ടത്തിൽ ഉൾപ്പെടും.

പ്രകൃതിവിഭവങ്ങളും ഇക്കോസിസ്റ്റം ജനങ്ങളും ബയോസ്ഫിയർ ജനങ്ങളും തമ്മിലുള്ള ഈ പരസ്പര പ്രവർത്തനത്തെ മനസ്സിലാക്കാൻ മറ്റൊരു ഉദാഹരണം നോക്കാം. കേരളത്തിലെ പത്തനംതിട്ട ജില്ലയിലുള്ള ചെമ്പൻമുടി മലയിലെ കരിങ്കൽ ക്വാറികൾ ബയോസ്ഫിയർ ജനവിഭാഗത്തിൽപ്പെടുന്ന റിയൽ എസ്റ്റേറ്റ് മുതലാളിമാരുടെ അന്നദാതാവാണ്. അനിയന്ത്രിതമായ കരിങ്കൽ ഖനനം മൂലം മാരകമായി നശിപ്പിക്കപ്പെട്ട മലകളാണ് ഇവിടെയുള്ളത്. അശാസ്ത്രീയമായ ഖനനം മൂലമാണ് ഈ പ്രദേശത്ത് മലയിടിച്ചിൽ ഉണ്ടാകുന്നതെന്ന് ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ പഠനസംഘം തന്നെ വിശദമാക്കിയിട്ടുണ്ട്. പമ്പാനദിയിലേക്ക് ഒഴുകിയെത്തിയിരുന്ന പതിനഞ്ചോളം നീർച്ചാലുകൾ ഈ ക്വാറികളിൽ നിന്നുള്ള കരിങ്കൽ ചീളുകൾ വീണ് അടഞ്ഞുപോയിട്ടുള്ളതായി പഠനസംഘം കണ്ടെത്തി. ഖനനം മൂലം വലിയൊരു കുളം തന്നെ മലയുടെ മുകളിൽ രൂപപ്പെട്ടു കഴിഞ്ഞു. നീർച്ചാലുകളുടെ വഴികൾ അടഞ്ഞതിനാൽ മൺസൂൺ ശക്തമാകുന്ന സമയത്ത് ഇനിയും മലയിടിച്ചിൽ ഇവിടെ ഉണ്ടാകാനിടയുണ്ടെന്ന് ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ മുന്നറിയിപ്പ് നൽകുന്നു.

കരിങ്കൽ ഖനനവും എം-സാന്റിന്റെ നിർമാണവും ട്രക്കുകളുടെ നിരന്തരസഞ്ചാരവും മനുഷ്യരേയും പ്രകൃതിയേയും പലതരത്തിൽ ബാധിച്ചിട്ടുണ്ട്. സ്ഫോടനവും പാറപ്പൊടിക്കലും കാരണമുണ്ടാകുന്ന സിലിക്ക കലർന്ന പൊടി പരിസര പ്രദേശത്തെ വനങ്ങളെയും തോട്ടവിളകളേയും സാരമായി ബധിച്ചിട്ടുണ്ട്. വീടുകളുടെയും അംഗൻവാടികളുടെയും സ്കൂളുകളുടെയും നടുവിലൂടെ ഏകദേശം 125 ഓളം ഭീമൻ ട്രക്കുകളാണ് ദിവസവും ഓടിക്കൊണ്ടിരിക്കുന്നത്. ഡീസൽ കത്തുന്ന പുകയും പാറപ്പൊടിയും നൂറ്റമ്പതോളം ആളുകളെ ക്യാൻസറിനും ബ്രോങ്കൈറ്റിസിനും ശ്വാസകോശ രോഗങ്ങൾക്കും ഇരകളാക്കി. ഇതിൽ 10 കുട്ടികളും ഉൾപ്പെടും. ഈ പ്രശ്നങ്ങൾ കണക്കിലെടുത്ത് പഞ്ചായത്തും ഗ്രാമസഭകളും ഖനനത്തെ എതിർക്കുകയും സുരക്ഷാ മാനദണ്ഡങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തെങ്കിലും അവയെല്ലാം നിരന്തരമായി ലംഘിക്കപ്പെടുകയാണ്. തുടർന്ന് ജനങ്ങൾ നിര

ന്തരമായ സമരത്തിലേർപ്പെട്ടതുകൊണ്ടാണ് ചില ക്വാറികളെങ്കിലും അടച്ചുപൂട്ടിക്കാൻ കഴിഞ്ഞത്. പ്രമുഖ ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ജെ.സി. കുമരപ്പ അഭിപ്രായപ്പെട്ടതുപോലെ 'ഹിംസയുടെ സമ്പദ്ശാസ്ത്ര'മാണ് ഇത്.

ഇത്തരം വികസന പ്രവർത്തനങ്ങൾ എങ്ങനെയാണ് രാജ്യത്തിന്റെ നാലുവിധത്തിലുള്ള മൂലധനങ്ങളെ ബാധിക്കാൻ പോകുന്നത്? അതായത്, ജി.ഡി.പിയിൽ ഊന്നുന്ന മനുഷ്യനിർമ്മിത മൂലധനം, നൈസർഗിക മൂലധനം, മനുഷ്യവിഭവ മൂലധനം, സാമൂഹിക മൂലധനം എന്നിവയെ ഈ വികസന പ്രക്രിയ എങ്ങനെയെല്ലാം ബാധിക്കും? സംഘടിതമായ വ്യവസായ മേഖലയിലും സേവന മേഖലയിലും നടക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങളിലാണ് ജി.ഡി.പി കേന്ദ്രീകൃത വീക്ഷണത്തിന്റെ ഊന്നൽ. അതുകൊണ്ട് കരിങ്കൽ ക്വാറികളെയും ക്രഷറുകളെയും ട്രക്കുകളെയും മാത്രമല്ല, കാൻസർ-ആസ്തമ പ്രതിരോധ മരുന്നുകളുടെ വിപണനത്തെയും ആരോഗ്യ വ്യവസായത്തിലെ ഉന്നതമായ തൊഴിൽ സാധ്യതകളെയും ജി.ഡി.പി കേന്ദ്രീകൃത വീക്ഷണം വികസനമായിത്തന്നെയാണ് പരിഗണിക്കുന്നത്. മതിയായ രേഖകളില്ലാത്തതിനാൽ കാർഷികോത്പാദനത്തിലെ കുറവും തൊഴിൽനഷ്ടവും പരിഗണിക്കപ്പെടാതെ പോകുന്നു. കൂടാതെ ജി.ഡി.പി കേന്ദ്രീകൃത സമീപനം നൈസർഗിക, മാനുഷിക, സാമൂഹിക മൂലധനത്തിന്റെ ചോർച്ചയെ പരിഗണിക്കുന്നതേയില്ല. ചെമ്പൻമുടിയിലെ മണ്ണിടിച്ചിലും നീർച്ചാലുകളുടെ നാശവുമെല്ലാം മണ്ണ്, വെള്ളം, കാട് എന്നിവയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചെമ്പൻമുടിയിലെ ജനങ്ങളുടെ ആരോഗ്യം പോലും അവഗണിക്കപ്പെട്ടിരിക്കുന്നു. കുട്ടികൾക്കുവരെ ശ്വാസകോശ രോഗങ്ങളും കാൻസറും പതിവായിരിക്കുന്നു. ട്രക്കുകളുടെ ഓട്ടപ്പാച്ചിൽ കുട്ടികളുടെ പഠനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് അമ്മമാർ സാക്ഷ്യപ്പെടുത്തുന്നു.

വളരെ കുറച്ച് നാട്ടുകാർക്കു മാത്രമെ ക്വാറികളിൽ തൊഴിൽ ലഭിച്ചിട്ടുള്ളൂ. ജോലി ചെയ്യുന്നവർ പലരും പരിസ്ഥിതി അഭയാർത്ഥികളാണ്. നാടിന്റെ വികസനക്കുതിപ്പിന്റെ ഭാഗമായി ഉപജീവനമാർഗ്ഗങ്ങൾ നഷ്ടമായ ഒറീസയിലെയും ഝാർഖണ്ഡിലെയും ഗോത്രവർഗക്കാരാണ് ഈ തൊഴിലാളികളിൽ അധികവും. സംഘടിതരല്ലാത്ത ഇവർ, തൊഴിലിടങ്ങളിൽ സംഭവിക്കുന്ന അപകടങ്ങൾക്കും മരണത്തിനും നഷ്ടപരിഹാരം ലഭിക്കാതെ അവഗണന നേരിടുന്ന ഞെട്ടിക്കുന്ന സംഭവങ്ങൾ പതിവായി കേൾക്കാറുണ്ട്. മൈത്രിയിലും സഹകരണത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായാണ് സാമൂഹിക മൂലധനത്തിന്റെ നിലനിൽപ്പ്. ഹിംസയുടെ സമ്പദ്ശാസ്ത്രത്തിന്റെ ആധിക്യം സാമൂഹിക മൂലധനത്തിന്റെ നിലനിൽപ്പിനെ കഷ്ടത്തിലാക്കുന്നു. കുറച്ചുപേരുടെ ലാഭത്തിനായി ഒരു വലിയ ജനസമൂഹത്തിന്റെ ഭൂമിയും വിഭവങ്ങളും കൊള്ളയടിക്കുകയും പിടിച്ചുപറിക്കുകയും ചെയ്യുന്നതിനാണ് ഹിംസയുടെ സമ്പദ്ശാസ്ത്രം ഊന്നൽ നൽകുന്നത്. നിയമവിരുദ്ധ പ്രവർത്തനങ്ങളിലൂടെയും അനീതികളിലൂടെയുമാണ് ഇത് നിർവഹിക്കപ്പെടുന്നത്. കേരള നെൽവയൽ നീർത്തട സംരക്ഷണ നിയമം 2008ന് സംഭവിച്ചതും അതാണ്. ഭൂരഹിതർക്ക് പതിച്ചുനൽകുന്നതിനായി നിശ്ചയിച്ച മിച്ചഭൂമിയിൽ ആറന്മുള വിമാനത്താവള പദ്ധതി വരുന്നതും ഇതിന് ഉദാഹരണമാണ്. ഈ മിച്ചഭൂമി കയ്യേറി ഭൂരഹിതർക്ക് സമരം ചെയ്യേണ്ടിവരുന്നത് സമൂഹത്തിൽ മൈത്രി നഷ്ടമാകുന്നത് പതിവായിത്തീർന്നിരിക്കുന്നതിന് തെളിവാണ്. *(തുടരും)* ■

## പ്രതിഷേധിക്കുന്നു

പരിസ്ഥിതി സംരക്ഷണ സമരങ്ങളിലും ജൈവ കൃഷി-ബദൽ അന്വേഷണങ്ങളിലും സജീവമായി ഇടപെടുന്ന കണ്ണൂർ ചക്കരക്കല്ലിലെ ഹരി-ആശ ദമ്പതികളുടെ വീട്ടിൽ പോലീസ് നടത്തിയ അതിക്രമിച്ചു കയറലിലും ചോദ്യംചെയ്യലിലും ഞങ്ങൾ പ്രതിഷേധിക്കുന്നു. 2016 ജൂലായ് 3ന് ആണ് ചക്കരക്കൽ എസ്.ഐയുടെ നേതൃത്വത്തിൽ രണ്ടുവണ്ടി പോലീസ് ഇവരുടെ വീട്ടിൽ കയറിയത്. കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നെത്തിയ പരിസ്ഥിതി പ്രവർത്തകരുടെ ഒരു കുടുംബസംഗമം അന്ന് അവിടെ നടക്കുന്നുണ്ടായിരുന്നു. അതിക്രമിച്ചു കടന്നെത്തിയ പോലീസ് കുറ്റവാളികളെപ്പോലെ ഹരിയേയും ആശയേയും ഒന്നര മണിക്കൂറോളം ചോദ്യം ചെയ്തു. കണ്ണൂരിൽ കണ്ടൽക്കാടുകൾ നശിപ്പിച്ചുകൊണ്ട് സി.പി.എമ്മിന്റെ നേതൃത്വത്തിൽ വരാനിരുന്ന കണ്ടൽതീം പാർക്കിനെതിരായ സമരത്തിൽ പങ്കെടുത്തതിന് മുമ്പ് ഇവർക്കുനേരെ കയ്യേറ്റ ശ്രമമുണ്ടായിട്ടുണ്ട്. കണ്ടൽതീം പാർക്ക് വീണ്ടും കൊണ്ടുവരാനുള്ള നീക്കങ്ങൾ അണിയറയിൽ ശക്തമാകുമ്പോഴുള്ള ഈ പോലീസ് ഇടപെടൽ പല സംശയങ്ങളും ഉളവാക്കുന്നുണ്ട്. സുതാര്യവും ജനാധിപത്യപരവുമായ രീതിയിൽ സാമൂഹിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന ഇവർക്കു നേരെയുണ്ടായ പോലീസ് നടപടി, പൊതുസമൂഹത്തിനിടയിൽ ഇവരെക്കുറിച്ച് സംശയവും അവിശ്വാസവും ഉളവാക്കുന്നതിനുള്ള ബോധപൂർവ്വമായ നീക്കമാണെന്നാണ് ഞങ്ങൾ കരുതുന്നത്. പ്രസ്തുത സംഭവത്തിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

**- കേരളീയം കൂട്ടായ്മ**